**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1580** **19-09-2025 - ൽ മറുപടിയ്ക്ക്**

**നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബി. ടി. ആർ. രജിസ്റ്ററിൽ തോട്ടം എന്ന് രേഖപ്പെടുത്തപ്പെട്ട പ്രദേശങ്ങളിലെ നിർമ്മാണവും ഏലപ്പട്ടയത്തിലെ നിർമ്മാണങ്ങളും നിലമെന്ന് രേഖപ്പെടുത്തിയ പ്രദേശങ്ങളിലെ നിർമ്മാണങ്ങളും ക്രമവത്ക്കരിക്കാൻ പനിയോജകറ്റുമോ; വിശദമാക്കുമോ? | (എ) | കേരള ഭൂപരിഷ്കരണ നിയമം 1963 വകുപ്പ് 81 (1) (ഇ) പ്രകാരം ഇളവ് നൽകിയിട്ടുള്ള തോട്ടഭൂമിയിലുള്ള നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥയില്ല. മാത്രമല്ല ഇത്തരത്തിൽ തോട്ട ഭൂമി എന്ന നിലയിൽ ഇളവ് ലഭിച്ച ഭൂമിയിൽ നിർമ്മാണങ്ങൾ നടത്തി തരംമാറ്റിയാൽ ഇളവ് നഷ്ടപ്പെടുന്നതും മിച്ചഭൂമി കേസ് റീഓപ്പൺ ചെയ്ത് നടപടി സ്വീകരിയ്ക്കുന്നതുമാണ്. എന്നാൽ ഭൂപരിഷ്ക്കരണ നിയമം പ്രകാരം ഇളവ് ലഭിച്ചതല്ലാതെയുള്ളതും BTR രജിസ്റ്ററിൽ തോട്ടം എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ നിർമ്മാണങ്ങൾക്ക് തടസ്സമില്ല .<br><br>ബി.ടി.ആറിൽ നിലമെന്ന് രേഖപ്പെടുത്തിയ പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008-ലെ വകുപ്പ് 27 എ-യിലെ വ്യവസ്ഥകളും, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടം, 2008-ലെ ചട്ടം 12-ലെ വ്യവസ്ഥകളും പ്രകാരമാണ് ക്രമവത്കരിക്കേണ്ടത്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് സെക്ഷൻ 27 എ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.<br><br>ഏലപ്പട്ടയവുമായി ബന്ധപ്പെട്ട വിഷയത്തിൽ, ബഹു.സുപ്രീം കോടതി മുമ്പാകെ ഗോദവർമ്മൻ തിരുമുൽപാട് ഫയൽ ചെയ്ത WP(C)No.202/95 നമ്പർ കേസിൽ കാർഡമം ഹിൽ റീസർവ് സംബന്ധിച്ച IA No. 1408, 1457, 1462 of 2005, 1787 of 2007 കേസ്സുകൾ 24.10.2024-ന് ബഹു.സുപ്രീം കോടതി പരിഗണിക്കുകയും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ, ഏലകൃഷിയ്ക്ക് പുതിയ |

| | | | |
|---|---|---|---|
| | | | പട്ടയം അനുവദിക്കരുതെന്നും കാർഡമം ഹിൽ റിസർവ്വായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തു നിന്ന് ഇനിയും കൂടുതൽ ഭൂമി വാണിജ്യപരമായ ചൂഷണത്തിന് പരിവർത്തനം ചെയ്യപ്പെടാൻ സ്റ്റേറ്റ് അനുമതി നൽകരുതെന്ന് ഉത്തരവായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ